

# MASTER PLAN 2025-2026

# HSS THIRUVAMPADY

# Alappuzha

# ഉള്ളടക്കം


* സ്കൂൾ വിവരങ്ങൾ
* ആമുഖം, വിദ്യാലയ ചരിത്രം
* വിദ്യാലയം ഇന്ന്.
* അക്കാദമിക മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ, വികസന ലക്ഷ്യങ്ങൾ
* അക്കാദമികം
  നേട്ടങ്ങൾ, പരിമിതികൾ
* ഭൗതികം
  നേട്ടങ്ങൾ, പരിമിതികൾ
* സാമൂഹികം
  നേട്ടങ്ങൾ, പരിമിതികൾ
* ഇംപ്രൂവ്മെന്റ്
* പ്രവർത്തനം, വിശദാംശങ്ങൾ
* പ്രതീക്ഷിത നേട്ടങ്ങൾ
* ഉപസംഹാരം
* അനുബന്ധം.

# സ്കൂൾ വിവരങ്ങൾ

1. റവന്യൂ ജില്ല : ആലപ്പുഴ
2. സ്കൂൾ കോഡ് : 35050
3. സ്കൂളിന്റെ പേര് : ഗവ. ഹൈ. സ്കൂൾ തിരുവമ്പാടി
4. പോസ്റ്റ് വിലാസം : പഴവീട്. P.O
   ആലപ്പുഴ
5. പിൻ കോഡ് : 688009
6. ഫോൺ നമ്പർ : 04772261661
7. ഇ-മെയിൽ അഡ്രസ് : highschoolthiruvampady@gmail.com
8. മുൻസിപ്പാലിറ്റി : ആലപ്പുഴ
9. വിദ്യാഭ്യാസ ജില്ല : ആലപ്പുഴ
10. സബ് ജില്ല : ആലപ്പുഴ
11. ക്ലാസുകൾ : 5 മുതൽ 10 വരെ
12. മാനേജ്മെന്റ് : ഗവൺമെന്റ്
13. പഠനമാധ്യമം : മലയാളം, ഇംഗ്ലീഷ്

# ആമുഖം

വിദ്യാലയ ചരിത്രം ഏതു കാലഘട്ടത്തിലും ഇഴചേർന്നു കിടക്കുന്നത് നാടിന്റെ ചരിത്രവുമായാണ്. സമൂഹത്തിന്റെയും, നാടിന്റെയും വികസനത്തിലെ അടിത്തറകളാണ് വിദ്യാലയങ്ങൾ. കൃഷിയും ഇതര ജോലികളും ചെയ്ത് ജീവിച്ചിരുന്ന സാധാരണക്കാരായ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന ആലപ്പുഴ ജില്ലയിലെ പഴവീട് വില്ലേജിലാണ് ഈ വിദ്യാലയം നിലനിൽക്കുന്നത്. നാടിന്റെ വിദ്യാഭ്യാസവികസനം ലക്ഷ്യമിട്ട് സമൂഹത്തിലെ പ്രമുഖരായ 13 വ്യക്തികൾ ശ്രീ. പി. നാരായണ കുറുപ്പ്, ശ്രീ. P.K. നാരായണൻ നായർ എന്നിവരുടെ നേതൃത്വത്തിൽ ഈ വിദ്യാലയത്തിന്റെ പിറവിക്ക് കാരണഭൂതരായി. സമൂഹത്തിന്റെ വളർച്ച വിദ്യാഭ്യാസത്തിലൂടെ മാത്രമേ നേടാൻ കഴിയൂ എന്ന് മനസ്സിലാക്കി പഴവീട് ദേവസ്വം പാട്ടമായി നൽകിയ രണ്ട് ഏക്കർ ഭൂമിയിൽ ഈ വിദ്യാഭ്യാസ സ്ഥാപനത്തിന് തുടക്കമായി. പിന്നിട്ട നാൾ വഴികളിൽ എല്ലാ പ്രതിസന്ധി ഘട്ടങ്ങളിലും ദേവിയുടെ അനുഗ്രഹം വിദ്യാലയത്തിനൊപ്പം ഉണ്ടായിരുന്നു.

നാടിന്റെ വളർച്ചയ്ക്കായി പ്രവർത്തിക്കുന്ന 63 അംഗങ്ങൾ ഒത്തുചേർന്ന് ഒരു ട്രസ്റ്റ് രൂപീകരിക്കുകയും അതിന്റെ കീഴിൽ വിദ്യാലയത്തിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ചെയ്തു. 1937 ആഗസ്റ്റ് 28 ന് തുടക്കം കുറിച്ച ഈ സംരംഭം ഇന്നും പ്രൗഢിയോടെ തുടരുന്നു. പ്രശാന്തസുന്ദരമായ പ്രകൃതി ഭംഗിയുടെ പശ്ചാത്തലത്തിൽ ക്ഷേത്രമുറ്റത്ത് സ്ഥിതിചെയ്യുന്ന

ഈ വിദ്യാലയം 1939 ൽ ഗവൺമെന്റ് മിഡിൽ സ്കൂളായി അംഗീകരിക്കപ്പെട്ടു. ശ്രീ. ചിത്തിര തിരുനാൾ മഹാരാജാവിന്റെ സഹായത്തോടു കൂടി തുടങ്ങിയതിനാൽ "ശ്രീ ചിത്തിരതിരുനാൾ ഇംഗ്ലീഷ് മീഡിയം സ്കൂൾ" എന്ന പേരിൽ അറിയപ്പെട്ടു. 1946 ൽ ഹൈസ്കൂളായി അംഗീകരിച്ചതോടു കൂടി "H. S തിരുവമ്പാടി" എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി. 1937 ൽ ഒരു നാലുകെട്ട് മന്ദിരമായി തുടങ്ങിയ സ്കൂളിന്റെ വളർച്ച ദ്രുതഗതിയിൽ ആയിരുന്നു. 1981 ൽ പുതിയതായി രണ്ടുനില കെട്ടിടം പണി കഴിപ്പിച്ചു. 1986 - 87 ൽ ഇവിടെ ഇംഗ്ലീഷ് മീഡിയം ക്ലാസുകൾ ആരംഭിക്കാനുള്ള അനുമതി ലഭിച്ചു. ആദ്യകാലത്ത് ഇവിടെ പഠിച്ചിരുന്ന കുട്ടികൾ തന്നെ പിന്നീടും അധ്യാപകരായി സേവനം അനുഷ്ഠിച്ച് സ്കൂളിന്റെ യശസ്സ് ഉയർത്തുന്നു.

1990 ൽ ഗോൾഡൻ ജൂബിലിയോടനുബന്ധിച്ച് 750 ഓളം പേർക്കിരിക്കാവുന്ന ഒരു ആഡിറ്റോറിയം വിദ്യാലയത്തെ സ്നേഹിക്കുന്ന സുമനസ്സുകളുടെ സഹായത്താൽ ഉണ്ണിന് പൂർത്തിയാക്കാൻ സാധിച്ചു. 1994 - 95 ൽ അൺ എയ്ഡഡ് എൽ. പി, പ്രീ സ്കൂൾ തുടങ്ങിയവ ആരംഭിച്ചതോടെ വിദ്യാഭ്യാസ രംഗത്ത് പുതിയ ഒരു കാൽവെപ്പ് നടത്തി. ഇതിനാൽ പ്രീ സ്കൂൾ മുതൽ പ്ലസ് ടു വരെ ഒരു കുടക്കീഴിൽ പഠിക്കാനുള്ള ഈ അവസരമൊരുക്കി വിദ്യാലയം വികസനത്തിന്റെ അത്യുന്നതങ്ങളിലേക്ക് എത്തി. 2000 ൽ ഹയർ സെക്കന്ററി ആയി ഉയർത്തപ്പെട്ട വിദ്യാലയത്തിൽ സയൻസ്, കമ്പ്യൂട്ടർ ബാച്ചുകൾ ആദ്യവർഷം അനുവദിച്ചത്. പിന്നീട് കൊമേഴ്സ് ബാച്ചും അനുവദിച്ചു. 1965 ൽ സിൽവർ ജൂബിലിയും

1990 ൽ ഗോൾഡൻ ജൂബിലിയും 2013 ൽ പ്ലാറ്റിനം ജൂബിലിയും ആഘോഷിച്ച വിദ്യാലയം ഇതുവരെ അതി-ന്നതമായി തന്നെ വളർന്നിരിക്കുന്നു.

സ്കൂൾ ആരംഭിച്ചതുമുതൽ മികവുകളുടെ ചരിത്രമാണ് സ്കൂളിനുള്ളത്. കലാ കായിക മേഖലകളിൽ സംസ്ഥാന തലം വരെയുള്ള നേട്ടങ്ങൾ വിദ്യാലയം കൈവരിച്ചിട്ടുണ്ട്. SSLC ചരിത്രത്തിൽ റാങ്ക് നേട്ടങ്ങളും സ്കൂളിന് സ്വന്തമാണ്. മുൻ കാലങ്ങളിൽ നേടിയ ചരിത്ര വിജയങ്ങളുടെ മൂല്യം ചോർന്നു പോകാതെ 100% വിജയവുമായി വിദ്യാലയം ഇന്നും മുന്നിൽ തന്നെയാണ്.

## വിദ്യാലയം - ഇന്ന്

2000 ൽ ഹയർസെക്കണ്ടറി ആയി ഉയർത്തപ്പെട്ട വിദ്യാലയം H.S.S. തിരുവമ്പാടി എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി. 31 ഹൈസ്കൂൾ അധ്യാപകരും 22 ഹയർസെക്കണ്ടറി അധ്യാപകരും 7 അനധ്യാപകരും അടങ്ങുന്ന സ്റ്റാഫ്. 1400 വിദ്യാർത്ഥികൾ.

പുതിയതായി പണികഴിപ്പിച്ച ആധുനിക സൗകര്യങ്ങളോടു കൂടിയ മികവുറ്റ കെട്ടിട സമുച്ചയങ്ങൾ സ്കൂളിന്റെ മാറ്റു കൂട്ടുന്നു. എല്ലാ ക്ലാസ് മുറികളും സ്മാർട്ട് ക്ലാസ് നിലവാരത്തിലേക്ക് ഉയർന്നു കൊണ്ടിരിക്കുന്നു. അത്യാധുനിക സൗകര്യങ്ങളോടു കൂടിയ ഒരു പാചകപ്പുരയും 1000 ൽ പരം കുട്ടികൾക്ക് ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കാൻ സൗകര്യമുള്ള വിശാലമായ ഭക്ഷണശാലയുടെയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

## അക്കാദമിക വികസനത്തിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

### വികസന ലക്ഷ്യങ്ങൾ

1. ഭാഷാശേഷി വികസനം
2. ഇംഗ്ലീഷ് പഠനം - അനായാസകരമാക്കൽ
3. വായനാശേഷി വർദ്ധിപ്പിക്കൽ
4. ലാബോറട്ടറി നവീകരണം - ശാസ്ത്രം, ഗണിതം, ഐ.ടി
5. ശാസ്ത്രബോധന പരിപാടി
6. ലൈബ്രറി ശാക്തീകരണം
7. ജൈവവൈവിധ്യപാർക്ക് ഒരുക്കൽ
8. സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
9. പഠനയാത്രകൾ
10. സ്കൂൾ മാസിക
11. അധ്യാപക ശാക്തീകരണം - സ്കൂൾ SRG തലം
12. കലാപരിപോഷണം
13. പച്ചക്കറിത്തോട്ടം
14. സാഹിത്യ ശില്പശാലകൾ
15. വെബിനാർ ക്ലാസുകൾ
16. രക്ഷാഗ്രൂപ്പ് നിർമ്മാണം
17. ലക്ഷ്യബോധനം കാര്യക്ഷമമാക്കി പഠനത്തിന് സജ്ജമാക്കൽ
18. സ്കൂൾ ബ്ലോഗ് കാര്യക്ഷമമാക്കൽ
19. ഭാഷാ ലാബ്
20. ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കൽ
21. പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് ആവശ്യമായ സഹായം വർഷത്തിന്റെ തുടക്കത്തിൽ തന്നെ നൽകണം

22. ദിനാചരണങ്ങൾ സംഘടിപ്പിക്കുന്നത്
23. കായികശേഷി വികസനം
24. ഐ.ടി. പഠനം കാര്യക്ഷമമാക്കൽ
25. അനുദിന പുസ്തകം
26. ചിത്രരചനാ ക്ലാസ്
27. ശാസ്ത്ര, ഗണിതശാസ്ത്ര, SS, IT പ്രവൃത്തി പരിചയമേളകൾ
28. ക്ലാസ് PTA കാര്യക്ഷമമാക്കൽ
29. പുസ്തകതൊട്ടിൽ പദ്ധതി
30. School band നവീകരണം
31. ലഹരി വിമുക്ത, മാലിന്യ വിമുക്ത കാമ്പസ്
32. കൗൺസിലിംഗ് സൗകര്യം
33. വിലയിരുത്തൽ കാര്യക്ഷമമാക്കൽ.

## അക്കാദമികം - നേട്ടങ്ങൾ

ആലപ്പുഴ ജില്ലയിൽ S.S.L.C പരീക്ഷയിൽ മികച്ച വിജയവും 14 ൽ അധികം ഫുൾ A+ ഉം നേടുന്ന വിദ്യാലയമാകാൻ കഴിഞ്ഞു. NMMS, USS സ്കോളർഷിപ്പ് പരീക്ഷകൾക്ക് കൂടുതൽ കുട്ടികളെ പങ്കെടുപ്പിക്കുകയും കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭിക്കുകയും ചെയ്യുന്നു. കുട്ടികളുടെ നിലവാരത്തിനനുസരിച്ച് പ്രത്യേകം പരിശീലനം നൽകി കുട്ടികളിൽ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നത് അവരെ വിജയത്തിലേക്ക് നയിക്കുന്നു. അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നു. കായിക മേഖലയിൽ സ്റ്റേറ്റ്, നാഷണൽ തലം വരെ നമ്മുടെ കുട്ടികൾക്ക് പങ്കെടുക്കാൻ സാധിച്ചു. ശാസ്ത്രമേളയിലും കലോൽസവത്തിലും വിവിധ ഇനങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നുണ്ട്. NCC, JRC, NSS തുടങ്ങിയ സന്നദ്ധ സംഘടനകളിലൂടെ പഠനത്തോടൊപ്പം സേവന മനോഭാവം വർദ്ധിപ്പിക്കാൻ കഴിയുന്നു. അക്ഷര ക്ലാസുകൾ 5 മുതൽ 10 വരെയുള്ള കുട്ടികൾക്ക നൽകിയതോടെ പരമാവധി കുട്ടികളിൽ എഴുത്തും വായനയും മെച്ചപ്പെടുത്താൻ സാധിക്കും. മലയാളത്തോടൊപ്പം സംസ്കൃത പഠനവും കാര്യക്ഷമമായി നടക്കുന്നു. സംസ്കൃതോത്സവത്തിൽ സംസ്ഥാനതലം വരെ പങ്കെടുത്ത് വിജയം കരസ്ഥമാക്കാനും നിരവധി സ്കോളർഷിപ്പുകൾ നേടാനും കുട്ടികൾക്ക് സാധിച്ചിട്ടുണ്ട്. ഈ വർഷം നമ്മുടെ 5 കുട്ടികൾക്ക് USS സ്കോളർഷിപ്പുകൾ ലഭിച്ചു.

# അക്കാദമികം — പരിമിതികൾ

പുതിയതായി പണികഴിപ്പിച്ച ബഹുനിലകെട്ടിടത്തിലേയ്ക്ക് ക്ലാസുകൾ മാറിയെങ്കിലും ഒന്നാം ക്ലാസ് മുറികൾ കൂടി ഹൈടെക് നിലവാരത്തിലേയ്ക്ക് ഉയർത്തേണ്ടതുണ്ട്. ശാസ്ത്രം, ഗണിതം, സാമൂഹ്യശാസ്ത്രം, ഭാഷാ ലാബുകൾ പ്രവർത്തന സജ്ജമാക്കാൻ സാധിച്ചിട്ടില്ല. പ്രവർത്തിപ്പിച്ച് പഠിക്കേണ്ട, അന്വേഷണാത്മകമായും നിരീക്ഷിച്ചും പഠിക്കേണ്ട തുടങ്ങിയവ പൂർണ്ണമായ അർത്ഥത്തിൽ സാർത്ഥകമാക്കാൻ പ്രത്യേകം പ്രത്യേകം ലാബ് സൗകര്യം ഉണ്ടാകേണ്ടതുണ്ട്. ഐ.ടി പഠനം കൂടുതൽ കാര്യക്ഷമമാക്കാനായി IT ലാബിൽ കൂടുതൽ കമ്പ്യൂട്ടറുകൾ സ്ഥാപിച്ച് വിപുലപ്പെടുത്തണം. വിശാലമായ റെഫറൻസിനും ചേർന്ന തന്നെയുള്ള വായനാമുറിയുടെയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ഉദ്ദേശം പതിനായിരത്തോളം പുസ്തകങ്ങൾ വിദ്യാലയത്തിന് സ്വന്തമായുണ്ടെങ്കിലും അനുവദ്യമായ സമയത്ത് ഇരുന്ന് വായിക്കാൻ ഉള്ള സൗകര്യം ഇപ്പോൾ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നില്ല.

## ഭൗതികം — നേട്ടങ്ങൾ

ഹൈടെക് നിലവാരത്തിലുള്ള 12 ക്ലാസ്സ്മുറികൾ വിദ്യാലയത്തിൽ സജ്ജമാണ്. വിദ്യാലയത്തിലെ 25 ക്ലാസ് മുറികൾ മാർബിൾ പാകി ടൈൽ പിടിപ്പിച്ചവയാണ്. കുട്ടികൾക്ക് വായനയ്ക്ക് അനുയോജ്യമായ ഉയർന്ന നിലവാരത്തിലുള്ള ഒരു പുസ്തക ശേഖരവും, ഒരു വായനാ മുറിയും ഒരുക്കിയിട്ടുണ്ട്. 25 കമ്പ്യൂട്ടറുകളുള്ള IT ലാബ് വിദ്യാലയത്തിന്റെ മറ്റൊരു നേട്ടമാണ്. 150 കുട്ടികൾക്കിരിക്കാവുന്ന ഒരു മിനി ആഡിറ്റോറിയവും, 750 കുട്ടികൾക്ക് ഇരിക്കാവുന്ന പ്രധാന ആഡിറ്റോറിയവും ആധുനിക സൗകര്യങ്ങളോടുകൂടി സജ്ജീകരിച്ചിട്ടുണ്ട്. ചിന്നാർ മേഖലയിൽ നിന്നും വരുന്ന കുട്ടികൾക്ക് യാത്രാസൗകര്യത്തിനായി അധ്യാപകരുടെയും, മാനേജ്മെന്റിന്റെയും നേതൃത്വത്തിൽ സ്കൂൾ ബസ് സൗകര്യം ഒരുക്കിയിട്ടുണ്ട്. ആധുനിക സൗകര്യങ്ങളോടെ പെൺകുട്ടികൾക്കുള്ള ശുചിമുറികൾ പൂർത്തിയാക്കിയിട്ടുണ്ട്. വിശാലമായ ബാസ്കറ്റ് ബോൾ കോർട്ട് സ്കൂളിന്റെ അഭിമാനമാണ്.

വിശാലമായ ചുറ്റുമതിലും, മനോഹരമായ കവാടവും സ്കൂളിനെ പൂർണ്ണമായും സുരക്ഷിതമാക്കുന്നു. സ്കൂൾ ഓഫീസ് ആധുനിക സൗകര്യങ്ങളോടെ പുതിയ മുറിയിലേയ്ക്ക് മാറി പ്രവർത്തനം ആരംഭിച്ചു. സൗകര്യപ്രദമായ പുതിയ മുറിയിൽ കമ്പ്യൂട്ടർ ലാബ് പ്രവർത്തനം ആരംഭിച്ചു.

## ഭൗതികം - പരിമിതികൾ

ഈ വിദ്യാലയത്തിലെ 20 ക്ലാസ് മുറികളിൽ 14 എണ്ണം ഹൈടെക് നിലവാരത്തിലേയ്ക്ക് ഉയരണം. നിലവിൽ UP ക്ലാസുകൾക്ക് പ്രത്യേകമായി IT ലാബ് ഇല്ല. കുട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കുന്നതിന് ഒരു ഭോജനശാല നിർമ്മിക്കേണ്ടതുണ്ട്. ഇതിൻ ആവശ്യത്തിന് ഫർണിച്ചർ, പാത്രങ്ങൾ ഇവ ലഭ്യമാക്കണം. പെൺകുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ശൗചാലയങ്ങളുടെ എണ്ണം വർദ്ധിപ്പിക്കണം. ആൺകുട്ടികൾക്ക് നിലവിലുള്ള ശൗചാലയങ്ങൾ ആധുനികരീതിയിൽ നവീകരിക്കേണ്ടതുണ്ട്. കായിക പഠനം കാര്യക്ഷമമാക്കുന്നതിന് സ്കൂൾ ഗ്രൗണ്ടിന്റെ പരിമിതി ഉണ്ട്.

ആകർഷകമായ വിധത്തിൽ ചുറ്റോടും ജൈവവൈവിധ്യ പാർക്ക്, ഔഷധത്തോട്ടം എന്നിവ ഒരുക്കേണ്ടതുണ്ട്. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകമായി റെസ്റ്റ്റൂം ഒരുക്കേണ്ടതുണ്ട്.

## സാമൂഹികം — നേട്ടങ്ങൾ

സ്കൂളിലെ പൂർവ്വവിദ്യാർത്ഥി സന്നദ്ധ സംഘടനകളുടെ പ്രവർത്തനം സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിന് ഏറെ സഹായിക്കുന്നു. സ്കൂളിലെ വിവിധ ഘടകങ്ങളുടെ പ്രവർത്തനങ്ങൾ സമൂഹവുമായി സ്കൂളിനെ ബന്ധിപ്പിക്കുന്നു. NCC, NSS, JRC തുടങ്ങിയവ മാതൃകാപരമായ പ്രവർത്തനങ്ങളിലൂടെ ഈ വിദ്യാലയത്തിന് സാമൂഹ്യ പ്രവർത്തനങ്ങളിൽ ഉചിതമായി ഇടപെടാൻ സാധിച്ചിട്ടുണ്ട്.

## സാമൂഹികം — പരിമിതികൾ.

പ്രവർത്തനങ്ങളുടെ ബാഹുല്യം കൊണ്ടും പഠനസമയം കൂടുതൽ നഷ്ടപ്പെടുന്നതിനാലും പഠന സമയത്തുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കാനുള്ള പരിമിതിയുണ്ട്.

## എൻഡോവ്മെന്റ്

മികവോടെ മുന്നേറുന്നതിനായി വിദ്യാലയവുമായി ബന്ധപ്പെട്ട സമൂഹത്തിലെ ബഹുമുഖ പ്രതിഭകൾ വിദ്യാർത്ഥികൾക്കായി ഏർപ്പെടുത്തിയിരിക്കുന്ന അമൂല്യമായ പാരിതോഷികങ്ങളാണ് എൻഡോവ്മെന്റുകൾ. വളർന്നു വരുന്ന തലമുറയ്ക്ക് നൽകുന്ന താങ്ങലാണ് ഇത്. 55 ൽ അധികം എൻഡോവ്മെന്റുകൾ പാഠ്യ, പാഠ്യേതര മേഖലകളിലെ പ്രതിഭാധനരായ കുട്ടികൾക്കായി ഏർപ്പെടുത്തിയിരിക്കുന്നു.

# പ്രവർത്തനം - വിശദാംശങ്ങൾ

ഉപമേഖല - ഇംഗ്ലീഷ് ഭാഷാപഠനം

പ്രവർത്തനം 1 - ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികൾക്കും നിർഭയം ഇംഗ്ലീഷിൽ ആശയവിനിമയം നടത്താനും എഴുതുകയും, വായിക്കുകയും ചെയ്യുന്നതിനുള്ള ശേഷി വികസനം. | 1. ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ | എല്ലാ ക്ലാസ്സും | ബന്ധപ്പെട്ട ടീച്ചർ |
| | 2. ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ ഇംഗ്ലീഷിൽ പ്രസംഗം ഡിബേറ്റ് തുടങ്ങിയവ സംഘടിപ്പിക്കൽ | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് |
| | 3) ഇംഗ്ലീഷ് പിരീഡുകൾ ഓരോ ദിവസവും ഓരോ പുതിയ ഇംഗ്ലീഷ് വാക്ക്, അതിന്റെ അർത്ഥം, പഠിക്കുക. | | ഇംഗ്ലീഷ് ടീച്ചർ |
| | 4. ആഴ്ചയിൽ ഒരു ദിവസം ഇംഗ്ലീഷ് അസംബ്ലി. ഓരോ ക്ലാസിനും ചുമതല | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ്ടീച്ചർ |
| | 5. ഇംഗ്ലീഷിൽ ഡയറി എഴുത്ത് - ഓരോ കുട്ടിയും | എല്ലാ ദിവസവും. | ഇംഗ്ലീഷ് ടീച്ചർ. |

ഉപമേഖല - ഇംഗ്ലീഷ്

പ്രവർത്തനം 2 - ഇംഗ്ലീഷ് നിലവാരം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷയിൽ കൂടുതൽ ശേഷി വികസനം. | ഇംഗ്ലീഷ്. കഥ, കവിത രചനാ ക്യാമ്പ് | 6 മാസത്തിൽ ഒരിക്കൽ | ഇംഗ്ലീഷ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| | 2. പാഠഭാഗങ്ങളെ വ്യത്യസ്ത രൂപങ്ങളിലേക്ക് മാറ്റി അവതരണം. സ്കിറ്റ് നാടകം, സംഭാഷണം തുടങ്ങിയവ. | മാസത്തിൽ ഒരിക്കൽ | ഇംഗ്ലീഷ് ടീച്ചർ | |
| | 3. ഇംഗ്ലീഷ് ന്യൂസ് റീഡിംഗ് | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ | |
| | 4. ഇംഗ്ലീഷ് സിനിമ പ്രദർശനം | 2 മാസത്തിൽ ഒരിക്കൽ | ഇംഗ്ലീഷ് ക്ലബ് | |
| | 5. ഇംഗ്ലീഷിൽ ലഘുവായ വാക്യങ്ങൾ എഴുതുക. | | | |
| വ്യാകരണ തെറ്റുകളില്ലാതെ ഭാഷ ഉപയോഗിക്കുന്നതിനുള്ള ശേഷി നേടൽ | സ്കൂൾ അധികസമയം കണ്ടെത്തി വ്യാകരണത്തിന് പ്രാധാന്യം നൽകി ക്ലാസ് | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ടീച്ചർ | |
| വായന പരിപോഷിപ്പിക്കൽ. | ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് പുസ്തകങ്ങൾ ഉൾപ്പെടുത്തൽ, വായനാ കുറിപ്പ് തയ്യാറാക്കൽ | ഇംഗ്ലീഷ് ടീച്ചർ. | | |

ഉപമേഖല – മലയാളം.

പ്രവർത്തനം 1 – ഭാഷാശേഷി വികസനം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. എല്ലാ കുട്ടികളും മലയാളം അനായാസമായി എഴുതാനും വായിക്കാനുമുള്ള ശേഷി വികസനം. ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ. | 1. അക്ഷരം ഉറപ്പിക്കൽ<br>2. ചിഹ്നം ഉറപ്പിക്കൽ<br>3. പദ നിർമാണം<br>4. വാക്യ നിർമ്മാണം<br>5. ഭാഷാപരമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ്. | ആഴ്ചയിൽ ഒരിക്കൽ | മലയാളം ടീച്ചർ | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | |
|---|---|---|---|---|
| 2. എല്ലാ കുട്ടികളിലും സ്വതന്ത്ര വായന- ശീലമുണ്ടാക്കുക. | 1. ക്ലാസ് ലൈബ്രറി സജ്ജീകരിക്കൽ | വിദ്യാരംഗം കൺവീനർ ടീച്ചർ | വിദ്യാരംഗം. | |
| | 2. ക്ലാസ് ലൈബ്രറിയിൽ നിന്ന് പുസ്തകം ലഭ്യമാക്കൽ | | | |
| | 3. ക്ലാസ് വായനാമൂലം ഒരുക്കൽ | | മലയാളം | |
| | 4 സ്കൂൾ ലൈബ്രറി സജ്ജീകരിക്കൽ | | അദ്ധ്യാപകർ | മാനേജ്മെന്റ് |
| | 5 റീഡിംഗ് റൂം ഒരുക്കൽ | | | |
| | 6. ജന്മദിന പുസ്തകം | | മലയാളം ടീച്ചർ | |
| | 7. വായനോത്സവം | | | |
| | 8 പത്രവായന | | | |
| പത്രവായന ശീലം പോഷിപ്പിക്കുക | പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിൽ ലഭ്യമാക്കൽ - | 1 വർഷം | | |
| | ഓരോ ക്ലാസിനും ഓരോ പത്രം | | മലയാളം ടീച്ചർ. | |
| | രാവിലെ പ്രധാന പത്ര വാർത്തകളുടെ അവതരണം | ദിവസേന | ദിവസേന | |
| | പത്ര ക്വിസ് | | | |
| സർഗ്ഗശേഷി- വികസനം | വായനാനുഭവം പങ്കുവെയ്ക്കൽ | മാസത്തിൽ ഒന്ന് | SRG | |
| | സാഹിത്യ ക്വിസ് - | | | |
| | കവിതാലാപന മത്സരം | മാസത്തിൽ ഒന്ന് | വിദ്യാരംഗം | |
| | ക്ലാസ് തല – സ്കൂൾ തല പഠനം പ്രദർശിപ്പിക്കൽ | മാസത്തിൽ 1 തവണ | വിദ്യാരംഗം | PTA |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| | പുസ്തക ചർച്ച. പുസ്തകാസ്വാദനം E- വായന | മാസത്തിൽ ഒരു തവണ | വിദ്യാരംഗം | |
| | സാഹിത്യകാരന്മാരുമായി സംവദിക്കൽ | വർഷത്തിൽ ഒരു തവണ | വിദ്യാരംഗം | |
| | അമ്മമാർക്ക് ഒരു പുസ്തകം (വീട്ടിലേയ്ക്ക് കുട്ടികൾ വശം) | ആഴ്ചയിൽ ഒരിക്കൽ | വിദ്യാരംഗം | |
| | ഉപയോഗം – ദിനാചരണങ്ങൾ. | | | |
| വിവിധ മേഖലകളുടെ വികസനം. | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠനപ്രവർത്തനമായി സംഘടിപ്പിക്കൽ. | ജൂൺ – മാർച്ച് | SRG | |

## ഹിന്ദി · അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| എല്ലാ കുട്ടികൾക്കും മാതൃഭാഷ കൈകാര്യം ചെയ്യുന്നതുപോലെ ഹിന്ദിയിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ആർജ്ജിക്കുക. | 1. ലൈബ്രറിയിൽ ഹിന്ദിയിലുള്ള ചെറുപുസ്തകങ്ങൾ എത്തിച്ച് വായന പ്രോത്സാഹിപ്പിക്കുക. | [illegible] | SRG ഹിന്ദി ടീച്ചർ |
| | 2. ഹിന്ദിയിൽ പുതിയ വാക്കുകൾ പരിചയപ്പെടുക. | | |
| | 3. ഹിന്ദി ഭാഷയിലെ ഉച്ചാരണ സ്ഥലങ്ങൾ കൃത്യമായി ശരിയാക്കുന്നതും, അക്ഷരത്തെറ്റുകൾ ഒഴിവാക്കുന്നതും ചെയ്യുക | മാസത്തിൽ ഒരിക്കൽ | ഹിന്ദി ടീച്ചർ |
| | 4. ഹിന്ദിയിൽ അസംബ്ലി നടത്തുക. | ആഴ്ചയിൽ ഒരിക്കൽ | SRG ഹിന്ദി ടീച്ചർ |
| | 5 ക്ലാസ് തലത്തിൽ ഹിന്ദി സ്കിറ്റ്, നാടകം ഇവ സംഘടിപ്പിക്കുക. | മാസത്തിൽ ഒരിക്കൽ | ഹിന്ദി ടീച്ചർ |
| | 6. ചെറിയ വാക്യങ്ങൾ കുട്ടികൾക്ക് നൽകി ഹിന്ദിയിൽ എഴുതാനുള്ള കഴിവ് വർദ്ധിപ്പിക്കുക | ആവശ്യാനുസരിച്ച് | ഹിന്ദി ടീച്ചർ |
| | 7. ഹിന്ദി പ്രസംഗം കവിതാലാപനം ഇവ പരിശീലിപ്പിക്കുക. | | ഹിന്ദി ടീച്ചർ |

## പ്രവർത്തനം - വിശദാംശങ്ങൾ

### ഉപമേഖല - സംസ്കൃതഭാഷാപഠനം

### പ്രവർത്തനം - 1 ഭാഷാശേഷി വികാസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| UP, H.S. തലത്തിലെ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ. | അക്ഷരമാല പ്രദർശനം<br>അക്ഷരമാല കളികൾ<br>അക്ഷരമരം<br>കാർട്ടൂൺ പ്രദർശനം<br>ചിത്രകഥകൾ<br>ചിത്രങ്ങളുടെ പ്രദർശനവും പേരുപറയിക്കലും<br>ലഘുസംഭാഷണങ്ങൾ<br>നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ കണ്ടെത്തുക. | ആഴ്ചയിൽ ഒരു ദിവസം<br>"<br>എല്ലാ ദിവസവും | സംസ്കൃതം അധ്യാപിക |

### ഉപമേഖല - സംസ്കൃതം

### പ്രവർത്തനം - 2 വീട് ഒരു പരീക്ഷണശാല

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| വീട്ടിലെ കാണുന്നതും കേൾക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതഭാഷയിൽ കണ്ടെത്തുക. | വീട്ടിലെ നിത്യോപയോഗ സാധനങ്ങളുടെ പേര് കണ്ടെത്തി അവ ശേഖരിച്ച് ശേഖരണപുസ്തകത്തിൽ എഴുതുക. | എല്ലാ ദിവസവും. | സംസ്കൃതാധ്യാപിക |

### ഉപമേഖല - സംസ്കൃതം

### പ്രവർത്തനം 3 വായനാലോകം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുപോവുക. | ലഭിക്കുന്ന പുസ്തകശേഖരത്തിലൂടെ ക്ലാസ് ലൈബ്രറി സജ്ജീകരിക്കുക. | വർഷത്തിൽ ഒരുപ്രാവശ്യം | സംസ്കൃതാധ്യാപിക. |

## ഉപമേഖല - സംസ്കൃതം

### പ്രവർത്തനം 4 മത്സരപരീക്ഷകളുടെ തയ്യാറെടുപ്പ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| സ്കോളർഷിപ്പ് USS മുതലായ മത്സരപരീക്ഷകൾക്കുവേണ്ടി കുട്ടികളെ തയ്യാറെടുപ്പിക്കൽ | ആനുകാലിക പുസ്തകങ്ങൾ വായനയ്ക്കായി നൽകുന്നു. എല്ലാ മാസവും പ്രശ്നോത്തരം നടത്തുന്നു. | പാദവാർഷിക പരീക്ഷ കഴിഞ്ഞതിനു ശേഷം എല്ലാ ദിവസവും ഉച്ചയ്ക്ക് ½ മണിക്കൂർ | സംസ്കൃതാധ്യാപിക. |

## ഉപമേഖല - സംസ്കൃതം

### പ്രവർത്തനം 5 പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കുള്ള പ്രവർത്തനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് വേണ്ട സഹായം | പ്രത്യേകം പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് വേണ്ടി പ്രത്യേകം പഠനോപകരണങ്ങൾ നിർമ്മിക്കുന്നു. ഗൃഹസന്ദർശനം നടത്തുന്നു. പ്രത്യേകം ക്ലാസുകൾ നൽകുന്നു | ആഴ്ചയിൽ രണ്ടുതവണ | സംസ്കൃതാധ്യാപിക. |

## ഉപമേഖല - സോഷ്യൽസയൻസ് - മോക്ക് പാർലിമെന്റ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ജനാധിപത്യ മൂല്യങ്ങൾ വളർത്തുന്നതിന് | ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള തെരഞ്ഞെടുപ്പിലൂടെ സ്കൂൾ പാർലിമെന്റ് രൂപീകരണം. |  | SS അധ്യാപകർ |
|  | മോക്ക് പാർലിമെന്റ് സംഘടിപ്പിക്കൽ | വർഷത്തിൽ 3 തവണ |  |

### സാമൂഹ്യശാസ്ത്രം - ലൈബ്രറി കോർണർ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| സാമൂഹ്യശാസ്ത്ര പഠനം കാര്യക്ഷമമാക്കൽ | അധിക വായനയ്ക്ക് പുസ്തകങ്ങൾ, അറ്റ്ലസ്സുകൾ തുടങ്ങിയവ സ്കൂൾ ലൈബ്രറിയിൽ പ്രദർശിപ്പിക്കൽ, ക്ലാസ് ലൈബ്രറിയിൽ വിതരണം | ആഴ്ചയിൽ ഒരു തവണ | SS അധ്യാപകർ |
| നൂതന അറിവുകൾ നേടുന്നതിന്, | എല്ലാ കുട്ടികൾക്കും കാണാനും വായിക്കാനും ഉതകുന്ന രീതിയിൽ SS കോർണറിൽ ന്യൂസ് ബോർഡ് സ്ഥാപിച്ച് വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് കൊടുക്കണം. | എല്ലാ ദിവസവും | SS ക്ലബ്ബ് |

## ഉപമേഖല - പഠനയാത്രകൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | |
|---|---|---|---|---|
| ചരിത്ര സ്മാരകങ്ങൾ, മ്യൂസിയങ്ങൾ, ചുവർ ചിത്രങ്ങൾ, ശേഖരങ്ങൾ, കലകൾ, കോട്ടകൾ തുടങ്ങിയവയെ അറിഞ്ഞ് [illegible] മനസ്സിലാക്കൽ | സാമൂഹ്യ പ്രാധാന്യമുള്ള സ്ഥലങ്ങൾ, ചരിത്ര സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേയ്ക്ക് നടത്തുന്ന പഠനയാത്രകൾ. യാത്രാവിവരണങ്ങൾ തയ്യാറാക്കൽ. | വർഷത്തിൽ 1 തവണ | SS അധ്യാപകർ | സ്കൂൾ സർവ്വീസ് |

## ഉപമേഖല — സംവാദം, സെമിനാർ

| | | | | |
|---|---|---|---|---|
| സമകാലിക വിഷയങ്ങളെ കുറിച്ച് സംവാദം പ്രത്യേക വിഷയങ്ങളിൽ സെമിനാർ. | സമകാലിക പ്രസക്ത വിഷയങ്ങളിൽ സംവാദം, സെമിനാർ ചർച്ചകൾ തുടങ്ങിയവ സംഘടിപ്പിക്കൽ. | മാസത്തിൽ ഒന്ന്. | SS club. SRG | |
| സാമൂഹ്യശാസ്ത്ര മേളയിൽ പങ്കാളിത്തം | സാമൂഹ്യശാസ്ത്ര മേളകൾ നടത്തുന്ന മേളയിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പ്രോൽസാഹനം നൽകൽ | വർഷത്തിൽ ഒന്ന് | SS അധ്യാപകർ | |

## ഉപമേഖല – ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ | 1. ശാസ്ത്രജ്ഞന്മാർ പ്രമുഖമായ ചരിത്രങ്ങളിലൂടെ കുട്ടികൾ അവബോധിപ്പിക്കണം | | | |
| | 2. സ്കൂൾ തല സയൻസ് എക്സിബിഷൻ. | വർഷത്തിൽ ഒരുതവണ | സയൻസ് ക്ലബ് | PTA |
| | 3. ഗവേഷണാത്മക പ്രോജക്ടുകൾ ഏറ്റെടുത്തുള്ള പഠനം by സർവേ, അഭിമുഖം നിരീക്ഷണം | ആവശ്യമായ സന്ദർഭങ്ങളിൽ | സയൻസ് ക്ലബ്ബ് | |
| ശാസ്ത്ര മേളകളിൽ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തൽ | മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകൽ | | സയൻസ് ക്ലബ്ബ്. | |
| ശാസ്ത്ര ലാബ് നവീകരണം. ശാസ്ത്ര ലാബിനെ കാലാനുസൃതമായി നവീകരിക്കൽ | ഫിസിക്സ്, കെമിസ്ട്രി ബയോളജി വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം സജ്ജീകരിക്കൽ | 1 മാസം | സയൻസ് ടീച്ചേഴ്സ് | ഗവൺമെന്റ് |
| പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ ഉപയോഗപ്പെടുത്തൽ | സ്കൂൾ കെട്ടിടത്തിനു മുകളിൽ സോളാർ പാനൽ സ്ഥാപിക്കുക. | 1 വർഷം | Management PTA | ഗവൺമെന്റ് |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | |
|---|---|---|---|---|
| പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം | അധ്യാപകൻ - കുട്ടി കുട്ടി - കുട്ടി എന്നീ 2 തലത്തിൽ പരിശീലനം. | ആഴ്ചയിൽ രണ്ടുദിവസം | സയൻസ് ടീച്ചർ | |
| ശാസ്ത്ര മാസിക - ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കുറിപ്പുകൾ ഉപയോഗപ്പെടുത്തി ശാസ്ത്ര മാസിക, ശാസ്ത്ര പതിപ്പ് എന്നിവ തയ്യാറാക്കൽ. | വർഷത്തിൽ ഒരിക്കൽ | SRG സയൻസ് ടീച്ചർ | |
| ഭോജ്യപേപ്പർ ശിൽപ്പശാല സംഘടിപ്പിക്കൽ | [illegible] കുട്ടികളെ ഉപയോഗിച്ച് ഭോജ്യപേപ്പർ ശിൽപ്പശാല സംഘടിപ്പിച്ച് ഭോജ്യശേഖരം തയ്യാറാക്കൽ. | 3 മാസം | SRG സയൻസ് ടീച്ചേഴ്സ് | |
| മോഡൽ നിർമ്മാണം (ശിൽപ്പശാല) | ജീവശാസ്ത്രവുമായി ബന്ധപ്പെട്ട മോഡലുകൾ ശിൽപ്പശാലയിലൂടെ നിർമ്മിക്കൽ | വർഷത്തിൽ രണ്ട് തവണ | SRG സയൻസ് ടീച്ചേഴ്സ് | PTA |
| LED ബൾബ് നിർമ്മാണം. | ശാസ്ത്രാഭിരുചിയുള്ള കുട്ടികൾക്ക് LED ബൾബ് നിർമ്മാണത്തിൽ പരിശീലനം നൽകുന്നു. | വർഷത്തിൽ ഒരു തവണ | സയൻസ് ക്ലബ്ബ് സയൻസ് ടീച്ചേഴ്സ് | സ്പോൺസർഷിപ്പ് |

## ഉപമേഖല - ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ | 1. ഗണിത ലാബ് പ്രത്യേകമായി സജ്ജീകരിക്കുകയും ഗണിതാശയങ്ങൾ ലളിതമായി അവതരിപ്പിക്കുകയും ചെയ്യുക. | ലാബ് സജ്ജീകരണം അവധിക്കാലത്ത് | ഗണിത ടീച്ചേഴ്സ് | |
| | ക്ലാസിലെ ഉപകരണങ്ങൾക്ക് പ്രാധാന്യം നൽകി ഗണിത പാർക്ക് നിർമ്മിക്കുക. | ജൂൺ ജൂലായ് | PTA ഗണിത ടീച്ചേഴ്സ് | മാനേജ്മെന്റ് |
| ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കാൻ | 1. വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു. | 1 മാസം | ഗണിത ടീച്ചർ | |
| | ക്ലാസിൽ കണക്കിൽ മിടുക്കരായ കുട്ടികളെ ഉപയോഗപ്പെടുത്തി അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കുന്നു. | 1 മാസം | ഗണിത ടീച്ചർ | |
| ഗണിതാഭിരുചി കുട്ടികളിൽ വളർത്താൻ | സ്കൂൾ തല ഗണിതശാസ്ത്ര മേള സംഘടിപ്പിക്കുന്നു | വർഷത്തിൽ ഒന്ന് | ഗണിത ടീച്ചർ ഗണിത ക്ലബ്ബ് | PTA |

## ഉപമേഖല – പരിസ്ഥിതി സംരക്ഷണം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | |
|---|---|---|---|---|
| ജൈവ വൈവിധ്യ പാർക്ക് വിപുലപ്പെടുത്തൽ | സ്കൂൾ തന്നെ പാഠപുസ്തകം എന്ന ആശയം പ്രാവർത്തികമാക്കി ഒന്നായി ജൈവ വൈവിധ്യ പാർക്ക് വിപുലപ്പെടുത്തൽ | 3 മാസം | ഇക്കോ ക്ലബ്ബ് | |
| സ്കൂൾ മുറ്റത്തെ ഔഷധ തോട്ടം വിപുലപ്പെടുത്തൽ | ഔഷധ സസ്യങ്ങളെയും അവയുടെ പ്രാധാന്യത്തെയും തിരിച്ചറിയുന്നതിന് ഔഷധ തോട്ടം വിപുലപ്പെടുത്തൽ - ഉള്ള സസ്യങ്ങൾക്ക് നാമകരണം. | 3 മാസം | ഇക്കോ ക്ലബ്ബ് | PTA |

## ഉപമേഖല – കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | |
|---|---|---|---|---|
| കുട്ടികളുടെ കായിക ശേഷി വർദ്ധിപ്പിച്ച് മികവിൽ എത്തിക്കൽ | കുട്ടികളുടെ കഴിവുകൾ പരിഗണിച്ച് താൽപര്യമുള്ള മേഖലകളിൽ പരിശീലനം നൽകി കൂടുതൽ മികവിലേക്ക് എത്തിക്കുക | എല്ലാദിവസവും രാവിലെ, വൈകിട്ട് | കായികാധ്യാപകൻ | |
| | താൽപര്യമുള്ള കുട്ടികൾക്ക് ബാസ്കറ്റ് ബോൾ, ക്രിക്കറ്റ് കബഡി, ചെസ്സ്, ഖോ-ഖോ, ഫുട്ബോൾ എന്നിവയിൽ പരിശീലനം നൽകണം | 1 വർഷം | കായികാധ്യാപകൻ | പൂർവ്വ വിദ്യാർത്ഥികൾ |

## ഉപമേഖല – കായിക മികവ് വർദ്ധിപ്പിക്കൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| കായിക മത്സരങ്ങളിൽ മികവിലേക്ക് ഉയർത്താൻ | ബാസ്കറ്റ് ബോൾ, ചെസ്, ക്രിക്കറ്റ്, കബഡി തുടങ്ങിയ മത്സരങ്ങളിൽ സംസ്ഥാന, ദേശീയ തലങ്ങളിൽ മികവ് പ്രതിഫലിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനം നൽകൽ | എല്ലാ ദിവസവും | കായികാധ്യാപകൻ |

## ഉപമേഖല – കലാരംഗം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | |
|---|---|---|---|---|
| കലാ മികവുള്ളവർക്ക് പരിശീലനം. | ഉപകരണ സംഗീതത്തിൽ താൽപ്പര്യം ഉള്ള കുട്ടികൾക്ക് വിദഗ്ധരെ പങ്കെടുപ്പിച്ചുള്ള പരിശീലനം | ആഴ്ചയിൽ 2 ദിവസം | SRG | |
| | താൽപരരായ കുട്ടികളെ ബാൻഡ് മേളം പരിശീലിപ്പിക്കുന്നു. | ആഴ്ചയിൽ 2 ദിവസം | SRG | |
| കുട്ടികളുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കൽ. | സംഗീതം, കഥാരചന, കവിതാരചന, അഭിനയം, കവിതാലാപനം തുടങ്ങി വ്യത്യസ്ത കഴിവുള്ള കുട്ടികളെ കണ്ടെത്തി അവരുടെ സർഗ്ഗവാസനകളെ പരിപോഷിപ്പിക്കുന്നു | ആഴ്ചയിൽ ഒരു ദിവസം | SRG | PTA |

## ഉപമേഖല - ഹൈടെക് ക്ലാസ് മുറികൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| സാധ്യമായ ക്ലാസ് മുറികൾ ഹൈടെക് ആക്കൽ | പൂർവ വിദ്യാർത്ഥികൾ ജന പ്രതിനിധികൾ, നാട്ടുകാർ സ്വയം ഭരണ സ്ഥാപനങ്ങൾ തുടങ്ങിയവരുടെ സഹായത്തോടെ സാധ്യമായ ക്ലാസ് മുറികൾ ഹൈടെക് ആക്കുന്ന പ്രവർത്തനം | | മാനേജ്മെന്റ് |

## ഉപമേഖല - കൗൺസിലിംഗ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| വിവിധ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് കൗൺസിലിംഗ് നൽകി വ്യക്തിത്വ മൂല്യ ഉയർത്തൽ | ആത്മവിശ്വാസം ധൈര്യം എന്നിവ വർധിപ്പിച്ച് കുട്ടികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ.<br><br>ഗൃഹസന്ദർശനം അഭിമുഖം, നിരീക്ഷണം തുടങ്ങി വിവിധ മാർഗ്ഗങ്ങൾ അവലംബിച്ച് കൗൺസിലിംഗ് 2 വിധം പ്രധാനമായി - ഇൻഡിവിജ്വൽ കൗൺസിലിംഗ്, ഗ്രൂപ്പ് കൗൺസിലിംഗ്. | കുട്ടികളിൽ ആവശ്യമുള്ളപ്പോൾ | കൗൺസിലിംഗ് ടീം ക്ലാസ് ടീച്ചർ സാമൂഹ്യ സംഘടനകൾ എക്സൈസ് വകുപ്പ്. |

ഉപമേഖല - ആരോഗ്യമുള്ള ശരീരം, മനസ്സ് രൂപപ്പെടുത്തൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യമുള്ള ശരീരം, ആരോഗ്യമുള്ള മനസ്സ് രൂപപ്പെടുത്തൽ, വിദ്യാഭ്യാസം ഉല്ലാസപ്രദമാക്കൽ. | കരാട്ടെ, തായ്ക്വോണ്ടോ എന്നിവയിൽ പരിശീലനം നൽകുന്നു. പെൺകുട്ടികൾക്കും തായ്ക്വോണ്ടോയിൽ പരിശീലനം. | ആഴ്ചയിൽ രണ്ട് പ്രവൃത്തിദിനങ്ങളിൽ വൈകിട്ട്. | കായികാധ്യാപകൻ | സ്പോൺസർഷിപ്പ് |
| | വിവിധ കായിക ഇനങ്ങളിൽ പരിശീലനം നൽകുന്നു. | എല്ലാ പ്രവൃത്തിദിനങ്ങളിലും വൈകിട്ട് 4-5 | കായികാധ്യാപകൻ | |

ഉപമേഖല - സ്കോളർഷിപ്പ് പരീക്ഷ പരിശീലനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരമാവധി കുട്ടികൾക്ക് വിവിധ സ്കോളർഷിപ്പുകൾ ലഭ്യമാക്കൽ | NMMS ഉൾപ്പെടെയുള്ള സ്കോളർഷിപ്പ് പരീക്ഷകൾക്ക് ചിട്ടയായ പരിശീലനത്തിലൂടെ കൂടുതൽ കുട്ടികൾക്ക് സ്കോളർഷിപ്പ് ഉറപ്പുവരുത്തൽ | 6 മാസം | സയൻസ് ടീച്ചേഴ്സ് | |
| | USS സ്കോളർഷിപ്പിന് കുട്ടികളെ പരിശീലിപ്പിക്കുന്നു. | എല്ലാ ദിവസവും | UP അധ്യാപകർ. | |

## ഉപമേഖല — CPTA ശക്തിപ്പെടുത്തൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | |
|---|---|---|---|---|
| CPTA ശക്തിപ്പെടുത്തുന്നതുവഴി രക്ഷിതാക്കൾക്കും കുട്ടികളുടെ മികവ്, പോരായ്മകൾ എന്നിവ തിരിച്ചറിയാനും മുന്നോട്ട് നയിക്കുന്നതിൽ സഹായങ്ങൾ ചെയ്യാനും | CPTA യോഗം കാര്യക്ഷമമായി നടത്തൽ, കുട്ടികളുടെ പഠന നേട്ടങ്ങൾ, പഠന തെളിവുകൾ, പോരായ്മകൾ ഇടപെടലുകൾ തീരുമാനം CPTA യിൽ. ഈ പ്രവർത്തനങ്ങളിൽ സമൂഹ പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | വർഷത്തിൽ 3 തവണ- ടേമുകളിൽ | ക്ലാസ് ടീച്ചർ SRG | |

## ഉപമേഖല — പ്രവൃത്തി പരിചയം.

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | |
|---|---|---|---|---|
| പ്രവൃത്തി പരിചയ പരിശീലനം | താൽപര്യമുള്ള കുട്ടികൾക്ക് പ്രവൃത്തി പരിചയത്തിൽ പരിശീലനം നൽകി വിവിധ ഉൽപ്പന്നങ്ങൾ ഉണ്ടാക്കൽ, ഇതിനായി വിദഗ്ദ്ധരുടെ സേവനം ഉപയോഗപ്പെടുത്തൽ. | [illegible] | SRG | PTA |

# പ്രതീക്ഷിത നേട്ടങ്ങൾ

ശിശു സൗഹൃദ അന്തരീക്ഷത്തിൽ പഠന നിലവാരം ഉയർന്നതോടൊപ്പം പാഠ്യേതര വിഷയങ്ങളിലും മികവ് തെളിയിക്കുകയാണ് ഞങ്ങൾ പ്രതീക്ഷിക്കുന്ന പ്രധാന നേട്ടം.

കാർഷിക തൽപ്പരരായ പുതിയ തലമുറയെ വാർത്തെടുക്കുക, മാലിന്യ നിർമാർജ്ജനം ഒരു സംസ്കാരമാക്കുക, ലഹരി വിമുക്ത ക്യാമ്പസ് സൃഷ്ടിക്കുകയും, നിലനിർത്തുകയും ചെയ്യുക എന്നിവ ഞങ്ങളുടെ പ്രതീക്ഷിത നേട്ടങ്ങളാണ്. ആധുനിക രീതിയിലുള്ള ലാബുകൾ ലൈബ്രറി, ഭക്ഷണശാല, ടോയ്‌ലറ്റ് ഇടങ്ങിയവയും ഇതിൽ ഉൾപ്പെടുന്നു.

## ഉപസംഹാരം

വ്യക്തിയും സമൂഹവും തമ്മിലുള്ള ശരിയായ ബന്ധമാണ് ഒരു നാടിനെ പുരോഗതിയിലേക്ക് നയിക്കുന്നത്. സമൂഹത്തിന്റെ ഭാവിയെ നയിക്കുന്ന വ്യക്തികളെ വാർത്തെടുക്കലാണ് വിദ്യാലയത്തിന്റെ പരമ പ്രധാനമായ കടമ. അതിനാൽ ഗണപരമായ നേട്ടങ്ങളേക്കാൾ ഗുണപരമായ നേട്ടങ്ങൾക്കാണ് ഞങ്ങൾ മുൻതൂക്കം കൊടുക്കുന്നത്. നാട്യങ്ങളില്ലാതെ നന്മകളാൽ സമൃദ്ധമായ നമ്മുടെ വിദ്യാലയത്തിന്റെ പൈതൃകം കാത്തുസൂക്ഷിക്കുന്നതിനും കൂടുതൽ സമ്പുഷ്ടമാക്കുന്നതിനും ഈ വികസനരേഖ ഉപകരിക്കുമെന്ന് സവിനയം പ്രതീക്ഷിക്കുന്നു.

# ഭരണസംവിധാനം.

## അടിസ്ഥാന വിവരങ്ങൾ

### HS വിഭാഗം

| Std | Boys | Girls | Total. |
|---|---|---|---|
| X | 99 | 62 | 161 |
| IX | 87 | 65 | 152 |
| VIII | 67 | 75 | 142 |
| Total | 253 | 202 | 455 |

### UP വിഭാഗം

| Std | Boys | Girls | Total. |
|---|---|---|---|
| VII | 52 | 31 | 83 |
| VI | 37 | 25 | 62 |
| V | 30 | 21 | 51 |
| Total | 119 | 77 | 196 |

HM . 1

HS Teachers - 21
UP Teachers - 7

Office Staff
clerk - 1
OA - 2
FTM - 1